പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:179 | 12/02/2013 - ൽ മറുപടിക്ക്

## ഉൾനാടൻ മത്സ്യക്കൃഷി വികസനത്തിന് സമഗ്രപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.റ്റി. ജോർജ്: :<br>,, ഐ.സി. ബാലകൃഷ്ണൻ:<br>,, ആർ. സെൽവരാജ് : | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) കേരളത്തിന്റെ ഉൾനാടൻ മത്സ്യക്കൃഷി വികസനത്തിനുവേണ്ടി സമഗ്രപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ ഉൾനാടൻ മേഖലയിൽ സമഗ്ര വികസനം സാധ്യമാകത്തക്കവിധം മത്സ്യകൃഷി വികസനത്തിന് ഊന്നൽ നല്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും പൊതുജനപങ്കാളിത്തത്തോടെയും കൂടി "മത്സ്യ സമൃദ്ധി" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. മത്സ്യ സമൃദ്ധി മുഖേന മൂന്ന് വർഷം കൊണ്ട് ഉൾനാടൻ മത്സ്യോല്പാദനം 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. കൂടാതെ മത്സ്യ കർഷക വികസന ഏജൻസികൾ മുഖേനയും ഉൾനാടൻ മത്സ്യകൃഷി നടപ്പിലാക്കി വരുന്നുണ്ട്.<br>സംസ്ഥാനത്തെ ജലകൃഷി വികസനത്തിനായി നിരവധി പദ്ധതികൾ അഡാക്ക് വഴി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇവയിൽ കോൾ നിലങ്ങൾ, പൊക്കാളി നിലങ്ങൾ, കുട്ടനാടൻ പാടശേഖരങ്ങൾ, കൈപ്പാട് നിലങ്ങൾ എന്നിവ |

യിലെ ഒരു നെല്ലും ഒരു മീനും പദ്ധതി, കൂടുകളിലെ മത്സ്യകൃഷി, വല്ലങ്ങളിലെ മത്സ്യകൃഷി എന്നിവ ഉൾപ്പെടുന്നു. കൂടാതെ ജലകൃഷി വികസനത്തിനായി വിത്തുല്പാദന കേന്ദ്രങ്ങൾ, വിത്ത് ഗുണമേന്മ പരിശോധിക്കുന്നതിന് പി.സി.ആർ ലാബുകൾ, ജലകൃഷി പരിശീലനത്തിനായി പൊയ്യ, എരഞ്ഞോളി എന്നിവിടങ്ങളിൽ പ്രദർശന ഫാമുകൾ എന്നിവ അഡാക്കിന്റെ പദ്ധതികളിൽ പെടുന്നുണ്ട്.

കേരളത്തിലെ റിസർവോയറുകളിൽ മത്സ്യ/ആറ്റുകൊഞ്ച് വിത്ത് നിക്ഷേപിക്കുന്നതിനുള്ള പദ്ധതിയും അഡാക്ക് വഴി നിർവ്വഹണം നടത്തി വരുന്നു. കൂടാതെ രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം ആറ്റുകൊഞ്ച്/കരിമീൻ/ചെമ്മീൻ കൃഷിയും കൂടുകളിലെ മത്സ്യ കൃഷിയും വിവിധ ജില്ലകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) കേരളത്തിലെ ലഭ്യമായ ജല സ്രോതസ്സുകളുപയോഗപ്പെടുത്തി വൈവിദ്ധ്യമാർന്ന ജലകൃഷി സമ്പ്രദായങ്ങൾ വഴി നിലവിലുള്ള മത്സ്യകൃഷിയും, മത്സ്യ സമ്പത്തും ഗണ്യമായി വർദ്ധിപ്പിക്കുക എന്നതാണ് ടി പദ്ധതികളുടെ ഉദ്ദേശ്യ ലക്ഷ്യം.

(സി) മത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപാദനവും വിപണനവും വർദ്ധിപ്പിക്കുവാനായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) മത്സ്യക്കുഞ്ഞുങ്ങളുടെ ഉല്പാദനവർദ്ധനവിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയുന്നവയാണ്:

ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള നാഷണൽ ഫിഷ് സീഡ് ഫാം മലമ്പുഴ (150 ലക്ഷം

ഉൽപ്പാദനശേഷി), ഫിഷറീസ് കോംപ്ലക്സ് പന്നിവേലിച്ചിറ (30 ലക്ഷം ഉൽപ്പാദനശേഷി), നാഷണൽ ഫിഷ് സീഡ് ഫാം പോളച്ചിറ (70 ലക്ഷം ഉൽപ്പാദനശേഷി), എഫ്.എഫ്.ഡി.എ. ഹാച്ചറി നെയ്യാർ ഡാം (6 ലക്ഷം ഉൽപ്പാദനശേഷി), ഗവൺമെന്റ് മോഡൽ ഫിഷ് ഫാം പള്ളം (15 ലക്ഷം ഉൽപ്പാദനശേഷി), നീണ്ടകര ഹാച്ചറി (105 ലക്ഷം ഉൽപ്പാദനശേഷി), റീജിയണൽ ഷ്രിംപ് ഹാച്ചറി അഴീക്കോട് (110 ലക്ഷം ഉൽപ്പാദനശേഷി) എന്നീ ഹാച്ചറികളിൽ നിന്ന് മത്സ്യ/ചെമ്മീൻ-ആറ്റുകൊഞ്ച് കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചു കർഷകർക്ക് വിതരണം ചെയ്തു വരുന്നു. കൂടാതെ അഡാക്കിന്റെ ഉടമസ്ഥതയിൽ വർക്കല ഓടയത്ത് 15 മില്യൺ കാര ചെമ്മീൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കാൻ ശേഷിയുള്ള ചെമ്മീൻ ഹാച്ചറിയിൽ നിന്നും കാര ചെമ്മീൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് സർക്കാർ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്തു വരുന്നു. നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ആറ്റുകൊഞ്ച് കുഞ്ഞുങ്ങളുടെ ഉൽപ്പാദനവും നടന്നു വരുന്നു. ആറ്റുകൊഞ്ച് ഹാച്ചറി കെട്ടിടം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഏകദേശം 10 മില്യൺ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാൻ സാധിക്കും. മത്സ്യ ഫെഡ് കൊല്ലം

ജില്ലയിലെ തിരുമുല്ലവാരം, തൃശ്ശൂരിലെ കൈപ്പമംഗലം, മലപ്പുറം ജില്ലയിലെ വെളിയംകോട്, കണ്ണൂരിലെ മാപ്പിളബേ എന്നിവിടങ്ങളിൽ നാലു ചെമ്മീൻ വിത്തുൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനം നടത്തി വരുന്നു. 30 മില്യൺ വീതം ആകെ, 120 മില്യൺ ചെമ്മീൻ വിത്തുൽപ്പാദനം നടത്താൻ ശേഷിയുള്ള ഹാച്ചറികളിൽ കാര ചെമ്മീൻ, നാരൻ ചെമ്മീൻ, ആറ്റു കൊഞ്ച് എന്നിവയുടെ വിത്ത് ഉൽപ്പാദിപ്പിച്ച് വിതരണം നടത്തി വരുന്നു. പാലക്കാട് ജില്ലയിലെ മീങ്കര ഹാച്ചറി പ്രവർത്തനയോഗ്യമാക്കുന്നതിനും വയനാട് ജില്ലയിൽ മത്സ്യ വിത്തുല്പാദന കേന്ദ്രം സ്ഥാപിക്കുന്നതിനും വേണ്ടി പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എറണാകുളം ജില്ലയിൽ ഭൂതത്താൻ കെട്ടിൽ മത്സ്യ വിത്തുല്പാദനകേന്ദ്രം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്കാവശ്യമായ സ്ഥലം ഇറിഗേഷൻ വകുപ്പിൽ നിന്നും കൈമാറിക്കിട്ടുന്നതിനുവേണ്ടിയുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ദേവികുളത്ത് ഹാച്ചറി സ്ഥാപിക്കുന്നതിനു വേണ്ടിയും നടപടി സ്വീകരിച്ചിട്ടുണ്ട്.

തദ്ദേശ വിപണന കേന്ദ്രങ്ങൾ, താല്ക്കാലിക വിപണന കേന്ദ്രങ്ങൾ,

ഫിഷ് ഫെസ്റ്റിവലുകൾ, മത്സ്യ ഫെഡിന്റെ ഫിഷ് കിയോസ്ക്കുകൾ എന്നിവ മുഖേന വിപണനം നടത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ട്

| | | | |
|---|---|---|---|
| (ഡ്വി) | പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നത്? | (ഡി) | "മത്സ്യസമൃദ്ധി" പദ്ധതിക്കായി സംസ്ഥാന ബഡ്ജറ്റിന് പുറമെ രാഷ്ട്രീയ കൃഷി വികാസ് യോജന, മത്സ്യ കർഷക വികസന ഏജൻസി എന്നിവിടങ്ങളിൽ നിന്നുള്ള കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത്.<br>മത്സ്യസമൃദ്ധി പദ്ധതിയ്ക്കായി 2012-15 വർഷത്തേക്ക് ആകെ 55.29 കോടി രൂപയാണ് ധനസഹായമായി വകയിരുത്തിയിട്ടുള്ളത്. (ഇതിൽ സംസ്ഥാന വിഹിതം 10.16 കോടി രൂപ, എഫ്.എഫ്.ഡി.എ. വിഹിതം 10.34 കോടി രൂപ, ആർ.കെ.വി.വൈ. വിഹിതം 34.79 കോടി രൂപ) കൂടാതെ അഡാക്ക് മുഖാന്തിരം നടപ്പാക്കുന്ന പദ്ധതികൾക്ക് രാഷ്ട്രീയ കൃഷി വികാസ് യോജന - കുട്ടനാട് പാക്കേജ്, 13-ാം ധനകാര്യ കമ്മീഷൻ ധനസഹായ പ്രകാരമുള്ള കുട്ടനാട് പാക്കേജ് എന്നീ കേന്ദ്ര പദ്ധതികൾ മുഖാന്തിരം ദേശീയ മത്സ്യ വികസന ബോർഡി (എൻ.എഫ്.ഡി.ബി.) ൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ